## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** — **02-02-2026 - ൽ മറുപടിയ്ക്ക്**

## ജണ്ട നിർമ്മാണ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019–20, 2020–21 സാമ്പത്തിക വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അന്വേഷണ റിപ്പോർട്ടുകൾ ഉണ്ട്; ഓരോ റിപ്പോർട്ടിലും തിട്ടപ്പെടുത്തിയിരിക്കുന്ന സർക്കാർ നഷ്ടം എത്ര കോടി രൂപ വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) | **തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് സംബന്ധിച്ച് സതേൺ സർക്കിൾ കൺസർവേറ്ററുടെ അംഗീകരിച്ച റിപ്പോർട്ട് ഉണ്ട്. സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ മൂലം നഷ്ടപ്പെട്ട വനഭൂമിയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിസ്തീർണം എത്ര ഹെക്ടറാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ അന്വേഷിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | (ബി) | **വനഭൂമിയിൽ കുറവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | 2005 ലെ വിവരാവകാശ നിയമ പ്രകാരം ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും കോട്ടയം വനം വിജിലൻസ് വിഭാഗം കൺസർവേറ്ററുടെ ഓഫീസിൽ നിന്നും നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **ഉണ്ട്.** |
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ഒന്നാം അപ്പീൽ കേസുകളിലാണ് കോട്ടയം വന വിജിലൻസ് വിഭാഗം കൺസർവേറ്ററെ വിവരാവകാശ കമ്മീഷണർ സമൺ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2 എണ്ണം |

സെക്ഷൻ ഓഫീസർ